# കേരള സർവകലാശാല

നം. പി.ആർ.097/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബിരുദ പ്രവേശനം: 2017-അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം

കേരള സർവകലാശാല 2017 വർഷത്തെ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് വിവിധ അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നു.മെയ് ഒമ്പതാം തീയതി രാവിലെ 11 മണിക്ക് സർവകലാശാല ആസ്ഥാനത്തുള്ള കമ്പ്യൂട്ടർ സെന്ററിൽ വച്ചാണ് പരിശീലനം. ഒരു അക്ഷയ കേന്ദ്രത്തിൽ നിന്ന് ഒരാൾക്ക് ഈ സൗജന്യപരിശീലനത്തിൽ പങ്കെടുക്കാം. പങ്കെടുക്കാനാഗ്രഹിക്കുന്നവർ മെയ് ആറ് വൈകുന്നേരം നാല് മണിക്ക് മുമ്പ് 0471-2386296, 2304631 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യണം. പരാതി രഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിട്ടാണ് സർവകലാശാല ഇത്തരത്തിൽ പരിശീലനം നൽകുന്നത്. ആയത് പരമാവധി പ്രയോജനപ്പെടുത്താൻ അറിയിക്കുന്നു. പങ്കെടുക്കുന്നവർ സ്വന്തം ചെലവിൽ ഹാജരാകണം.
(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### ബി.സി.എ ടൈംടേബിൾ

കേരള സർവകലാശാലയുടെ കരിയർ റിലേറ്റഡ് സി.ബി.സി.എസ് അഞ്ചാം സെമസ്റ്റർ ബി.സി.എ ഡിഗ്രി കോഴ്സിന്റെ (2013-ന് മുമ്പുള്ള അഡ്മിഷൻ - 2010 സ്കീം, മേഴ്സി ചാൻസ് - 2010 അഡ്മിഷൻ, സപ്ലിമെന്ററി - 2011 & 2012 അഡ്മിഷൻ) പരീക്ഷകൾ മെയ് ഒൻപതിന് തുടങ്ങും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ത്രിദിന അന്താരാഷ്ട്ര ശിൽപശാല

കേരള സർവകലാശാല അറബി പഠന വകുപ്പിന്റെയും സൗദിയിലെ കിംഗ് അബ്ദുൾ അസീസ് സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഫോർ നോൺ നേറ്റീവ് അറബിക് സ്പീകിംഗിന്റെയും ആഭിമുഖ്യത്തിൽ മെയ് 18 മുതൽ 20 വരെ കാര്യവട്ടത്ത് വച്ച് അറബി ഭാഷാ അധ്യാപകർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കുമായി ശിൽപശാല സംഘടിപ്പിച്ചിരിക്കുന്നു. 18-ന് അദ്ധ്യാപകർക്കും 19-ന് ഗവേഷകർക്കും 20-ന് ജനറൽ സെഷനുമായിരിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. ഫോൺ 9562722485.

### സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് പരീക്ഷ

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിലും, ഡി.ബി കോളേജ് ശാസ്താംകോട്ടയിലും മെയ് 24 മുതൽ ജൂൺ അഞ്ച് വരെ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (ന്യൂ സ്കീം) കോഴ്സിന്റെ പരീക്ഷയ്ക്ക് പിഴകൂടാതെ മെയ് 15 (50 രൂപ പിഴയോടെ മെയ് 18, 250 രൂപ സൂപ്പർ ഫൈനോട് കൂടി മെയ് 22) വരെ ഫീസടച്ച് അപേക്ഷിക്കാം. പ്രോജക്ട് റിപ്പോർട്ട് പിഴകൂടാതെ മെയ് 15 വരെയും 100 രൂപ പിഴയോടെ മെയ് 22 വരെയും സമർപ്പിക്കാം. അപേക്ഷകൾ എസ്.എസ്.എൽ.സി യുടെ കോപ്പി സഹിതം സി.എ.സി.ഇ.ഇ ഓഫീസിൽ

സ്വീകരിക്കും. സപ്ലിമെന്ററി വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം മുൻവർഷങ്ങളിലെ മാർക്ക് ലിസ്റ്റുകളുടെ ശരിപകർപ്പുകൾ അയക്കണം.

## സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ (ഈവനിംഗ്) – സീറ്റൊഴിവ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ (ഈവനിംഗ്) കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ പി.എം.ജി ജംഗ്ഷനിലുള്ള സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. മെയ് 15-ന് ക്ലാസ് ആരംഭിക്കും. യോഗ്യത പ്ലസ് ടു/പ്രീഡിഗ്രി ജയം. ഫീസ് 6000/- രൂപ. അപേക്ഷ ഫീസ് 100 രൂപ. ക്ലാസ്സുകൾ തിങ്കൾ മുതൽ ശനി വരെ വൈകുന്നേരം അഞ്ച് മണി മുതൽ ഏഴ് മണി വരെ. വിശദ വിവരങ്ങൾക്ക് സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471-2302523.

## പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ

കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തുന്ന പാർട്ട് ടൈം ഈവനിംഗ് (എട്ട് മാസം) കോഴ്സായ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷന്റെ (2017-18) ക്ലാസുകൾ ഓഗസ്റ്റ് ഒന്നിന് ആരംഭിക്കും. ഇംഗ്ലീഷ് ഭാഷയിൽ ഫലപ്രദമായി ആശയവിനിമയം നടത്താൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടിയാണ് കോഴ്സ്. അംഗീകൃത സർവകലാശാലകളിൽ നിന്നുള്ള ഏതെങ്കിലും വിഷയത്തിലെ ബിരുദമാണ് കുറഞ്ഞ യോഗ്യത. സർവകലാശാല ക്യാഷ് കൗണ്ടറിൽ 20 രൂപ അടച്ച ചലാൻ സഹിതം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ ഓഫീസിൽ നിന്നും അപേക്ഷാഫോം കൈപറ്റാം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ ജൂലൈ അഞ്ച് രാവിലെ 10.30 ന് നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. അവസാന തീയതി ജൂൺ 17.

## ബി.എ/ബി.എസ്സി/ബി.കോം പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല മെയ് – ജൂണിൽ നടത്തുന്ന സി.ബി.സി.എസ് ബി.എ/ബി.എസ്സി/ബി.കോം (2010 അഡ്മിഷൻ – മേഴ്സി ചാൻസ്, 2011, 2012 അഡ്മിഷൻ) പരീക്ഷകൾക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾക്കുള്ള പരീക്ഷാകേന്ദ്രങ്ങളുടെ വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി (ഈവനിംഗ്) – തീയതി നീട്ടി

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി (ഈവനിംഗ് ബാച്ച്) കോഴ്സിന് മെയ് 12-വരെ അപേക്ഷിക്കാം. കേരള സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാന യോഗ്യത. കോഴ്സ് കാലാവധി ഒരു വർഷം. ക്ലാസ്സുകൾ തിങ്കൾ മുതൽ ശനി വരെ വൈകുന്നേരം അഞ്ച് മണി മുതൽ ഏഴ് മണി വരെ. കോഴ്സ് ഫീസ് 19500/- രൂപ അപേക്ഷ ഫീസ് 100 രൂപ. അവസാന തീയതി മെയ് 12. വിശദ വിവരങ്ങൾക്ക് ഫോൺ: 0471-2302523.

തിരുവനന്തപുരം.
04.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098